ഉത്തരം

ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന വാർഷിക indent സംസ്ഥാന തലത്തിൽ സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷമാണ് എത്ര ആന്റിറാബീസ് വാക്സിൻ ജില്ലാ ആശുപത്രികളിൽ ലഭ്യമാക്കണമെന്ന് തീരുമാനിക്കുന്നത്. ആന്റിറാബീസ് വാക്സിന്റെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ഇപ്പോൾ എല്ലാ ജില്ലാ ആശുപത്രികളിലും ആന്റിറാബീസ് വാക്സിൻ ലഭ്യമാണ്.

**എയർ ആംബുലൻസ് സർവ്വീസ്**

15 (704) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് സേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടത്തുവാനുമായി താത്പര്യമുള്ള വ്യക്തികൾ, കമ്പനികൾ അല്ലെങ്കിൽ കൂട്ടായ്മയിൽനിന്നും എയർ ആംബുലൻസ് സർവ്വീസ് നടത്തുവാനായി സർക്കാർ നിർദ്ദേശപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13-8-2015-ൽ പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ പങ്കിനെക്കുറിച്ചുള്ള വിശദ വിവരണം ഉൾപ്പെടെ ആവശ്യപ്പെട്ടു കൊണ്ട് താത്പര്യപത്രം ക്ഷണിക്കുകയും തത്ഫലമായി 7 കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയുമുണ്ടായി. G.O.(Rt) No. 3289/2015/H&FWD dated, 18-10-2015 പ്രകാരം 7 അംഗ കമ്മിറ്റിയെ ഈ താത്പര്യ പത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണയിക്കുവാനുമായി ഉത്തരവായിട്ടുണ്ട്. G.O.(MS)

LIBRARY ARCHIVES Kerala Legislative Assembly

No. 251/2015/H&FWD dated, 11-11-2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൻപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 2-12-2015-ൽ ചേരുന്നതാണ്.

**പുതിയ മെഡിക്കൽ കോളേജുകൾ**

16 (705) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പാലോട് രവി :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(ബി) ഏതെല്ലാം മേഖലകളിലാണ് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത്, വിശദീകരിക്കുമോ;

(സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് വിപുലമായ പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന 5 മെഡിക്കൽ കോളേജുകളെ കൂടാതെ മഞ്ചേരിയിലും ഇടുക്കിയിലും പുതിയ രണ്ട് മെഡിക്കൽ കോളേജുകൾ സ്ഥാപിച്ച് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോന്നിയിലും തിരുവനന്തപുരത്തും ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ രണ്ട് മെഡിക്കൽ കോളജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. തിരുവനന്തപുരത്ത് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിനാവശ്യമായ മൂന്നു നിലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly